(അവലംബം: 2012 ലെ സാമൂഹ്യക്ഷേമ വകുപ്പ് സർവ്വേ റിപ്പോർട്ട്)

## ഭൂപ്രകൃതി

ഭൂ പ്രകൃതിയനുസരിച്ച് വളാഞ്ചേരി നഗരസഭയെ നാലായി തരം തിരിക്കാം. കുന്നിൻപ്രദേശങ്ങൾ കുന്നിൻ ചരിവുകൾ, സമതല പ്രദേശങ്ങൾ, വയലുകൾ എന്നിവയാണ്. നഗരസഭയിലെ ഏറ്റവും ഉയരം കൂടിയ കുന്നിൻ പ്രദേശങ്ങളിൽ അധികവും ചെങ്കൽ പ്രദേശങ്ങളാണ്. കശുവണ്ടിയും പട്ടുമരങ്ങളും മറ്റു ഇട കൃഷികളും നടക്കുന്ന പ്രദേശങ്ങളാണിത്. ഗതാഗത യോഗ്യമായ ഈ പ്രദേശങ്ങളിൽ നിരവധി ചെങ്കൽ ക്വാറികളുണ്ട്. കുന്നിൻ ചരിവുകളിൽ പ്രധാനമായും തെങ്ങ്, മാവ്, റബ്ബർ, പ്ലാവ് തുടങ്ങിയവ സമൃദ്ധമായി വളരുന്നു. കുന്നിൻ പ്രദേശങ്ങളുടെ താഴ് വാരങ്ങളിലുള്ള സമതല പ്രദേശത്ത് കൂടുതൽ ജനനിബിഡമാണ്. തെങ്ങ്, കവുങ്ങ്, വാഴ, മരിച്ചീനി, വെറ്റില, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്ന ഈ പ്രദേശം ഫലഭൂയിഷ്ഠമാണ്. നീർച്ചാലുകളെയും മഴയെയും ആശ്രയിച്ചാണ് ഈ പ്രദേശത്തെ കൃഷി എങ്കിലും അശാസ്ത്രീയമായ കൃഷിയും കുന്നിൻ ചരിവുകളിലെ നിർമ്മാണ പ്രവർത്തനങ്ങളും പരമ്പരാഗതമായ ചോലകളിലെ നീരുറവയെ വളരെയേറെ ബാധിക്കുന്നതുകൊണ്ട് ഈ പ്രദേശം വരൾച്ച ഭീഷണി നേരിടുന്നു. താഴ് വാരത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമായ വയലുകളിൽ പ്രധാനമായും നെൽകൃഷിയാണ് ചെയ്യുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും വേശി വ്യാപകമായി വയൽ നികത്തുന്നതുമൂലം ഈ പ്രദേശത്തിൻറെ വിസ്തൃതി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. മഴയെയും ചെറുതോടുകളെയും ആശ്രയിച്ചാണ് ഈ പ്രദേശത്തെ കൃഷി നടത്തുന്നത്.



# ചരിത്രം




ഇന്ത്യൻ ദേശീയ പ്രസ്ഥാനങ്ങളുടെയും ദേശീയ നേതാക്കളുടെയും മഹത്തായ ലക്ഷ്യമായിരുന്നു അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും 1994 എപ്രിൽ മാസത്തിൽ പഞ്ചായത്ത്രാജ് സവിധാനത്തിൽ ഭരണ ഘടനാപരമായ പരിരക്ഷണം ലഭ്യമാക്കുന്നതിനും അധികാര വികേന്ദ്രീകരണം സഫലമാക്കുന്നതിനും പാർലമെൻറിൽ 73,74 ഭരണ ഘടന നിലവിൽ വന്നു. ഭരണഘടന സ്ഥാപനങ്ങളിൽ സാധാരണ ജനങ്ങൾ നിത്യവും ആശ്രയിക്കുന്ന മഹത്തായ സ്ഥാപനങ്ങളാണ് രാജ്യത്തെ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും. 85% ഗ്രാമങ്ങൾ മാത്രം ഉണ്ടായിരുന്ന സ്വതന്ത്ര ഇന്ത്യയുടെ പുരോഗതി ഗ്രാമങ്ങളുടെ പുരോഗതിയാണെന്ന് രാഷ്ട്രപിതാവ് മഹാത്മജി ഊന്നി പറഞ്ഞത് അതുകൊണ്ടുതന്നെയാണ്. ഇന്ത്യയുടെ ആസൂത്രണത്തിൽ ഗ്രാമസ്വരാജ് എന്ന ആശയം ഏറെ പ്രസക്തമായത് ഈ യാഥാർത്ഥ്യങ്ങളും വസ്തുതകളും നിലനിൽക്കുന്നത് കൊണ്ടാണ്.

വിദ്യാഭ്യാസ രംഗത്ത് വളാഞ്ചേരിക്ക് വ്യക്തമായ ചരിത്രശേഷിപ്പുകളുണ്ട്. വളാഞ്ചേരിയിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമായ വൈക്കത്തൂർ എൽ.പി സ്കൂൾ നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. പിന്നീട് യു.പി സ്കൂൾ ആയി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൻറെ സ്ഥാപക മാനേജർ മുത്തമന പുരുഷോത്തമൻ നമ്പൂതിരി ആയിരുന്നു. ശ്രീ. സി.എം രാമക്കുറിപ്പ് സ്ഥാപക മാനേജരായി 1951–ൽ കുളമംഗലം പുത്തൻകളത്തിൽ ആരംഭിച്ച വളാഞ്ചേരി ഹൈസ്കൂൾ തുടർന്ന് മൈലാടിക്കുന്നിലേക്ക് മാറിയെങ്കിലും വളാഞ്ചേരിയിലും സമീപ പ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് ആശ്രയമായിരുന്നു. സ്വകാര്യ മേഖലയിൽ തിരൂർ വിദ്യഭ്യാസ ജില്ലയിൽ ഏറ്റവും വലിയ സ്കൂളാണ് ഇന്ന് വളാഞ്ചേരി ഹൈസ്കൂൾ. അതിനു വേണ്ട സ്ഥലം മഴവഞ്ചേരി മന സംഭാവന ചെയ്തു. ഈ വിദ്യാഭ്യാസ സ്ഥാപനത്തെപ്പോലെത്തന്നെ അന്നും വളാഞ്ചേരിയിൽ പോലീസ് സ്റ്റേഷനും

പോസ്റ്റോഫീസും ഉണ്ടായിരുന്നു. നൂറ്റാണ്ടോളം പഴക്കവുമായി ഇന്നും നില നിൽക്കുന്ന സ്ഥാപനങ്ങൾ. ആദ്യത്തെ തപാൽ പോസ്റ്റമാസ്റ്റർ മഴവഞ്ചേരി ദാമോദരൻ നമ്പൂതിരിയായിരുന്നു. ഇദ്ദേഹം ഇവിടുത്തെ പഞ്ചായത്ത് കോടതിയുടെ അധ്യക്ഷനായി ദീഘകാലം പ്രവർത്തിച്ചിട്ടുണ്ട്. അന്ന് പഞ്ചായത്ത് കോടതിയുടെ തീരുമാനങ്ങൾക്കുള്ള അപ്പീൽ അധികാരം ഹൈക്കോടതിക്ക് മാത്രമായിരുന്നു.

1921 ലെ മലബാർ കലാപം നടന്ന പ്രദേശങ്ങളിലൊന്നാണ് വളാഞ്ചേരി. ഓട്ടുപാത്ര വ്യവസായവും അത് പാരമ്പര്യ കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കമ്മാള സമൂഹവും വളാഞ്ചേരിയുടെ സ്വത്വത്തിൻറെ ഭാഗമാണ്. ചങ്ങമ്പള്ളി ഗുരുക്കൻമാരുമായി ഇവരെ ബന്ധപ്പെടുത്തി പല ചരിത്ര കഥകളുമുണ്ട്. ചങ്ങമ്പള്ളി മമ്മുഗുരുക്കൾ ആയോധനകലയിലും നാഡി ചികിത്സയിലും പേരെടുത്തുപറയാവുന്ന പ്രശസ്തവ്യക്തിയായിരുന്നു

1932 ൽ ഇവിടെ രാഷ്ട്രീയവീക്ഷണം വിതക്കാൻ പറ്റിയ ചില കാരണങ്ങളുണ്ടായി. ഗുരുവായൂർ സത്യാഗ്രഹത്തിനും കേളപ്പൻറെ ഉപവാസത്തിനും ശേഷം പൊന്നാനി താലൂക്കിലെ സവർണ്ണ ഹിന്ദുക്കളുടെ അഭി്പ്രായമറിയാൻ ഒരു റഫറണ്ടം നടത്തുകയുണ്ടായി. റഫറണ്ടത്തിൻറെ കേന്ദ്ര ഓഫീസ് വളാഞ്ചേരിയായിരുന്നു. ഈ സന്ദർഭത്തിലാണ് കസ്തൂർബാ ഗാന്ധി, സി.ആർ. ദാസിൻറെ സഹോദരി ഊർമ്മിളാ ദേവി, സദാശിവ റാവു, രാജാജി, യു. ഗോപാലമേനോൻ, തുടങ്ങിയ പ്രശസ്തർ ഇവിടം സന്ദർശിച്ചത്. വി.ടി. ഭട്ടതിരിപ്പാടും ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ട വ്യക്തിയാണ്.

വി. പരമേശ്വരൻ, വി. പത്മനാഭ മേനോൻ, എൻ ദാമോദരൻ എന്നിവർ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ആദ്യത്തെ രണ്ടുപേർ ജയിൽവാസം വരിക്കുകയുമുണ്ടായി. ഇതിൽ വി. പരമേശ്വരൻ രാഷ്ട്രീയത്തിൻറെ ഉന്നതങ്ങളിൽ എത്തിച്ചേർന്നു. അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷൻ ജോ. സെക്രട്ടറി, ലോകസമാധാന കൗൺസിലിൻറെ ജോ. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം പിൽക്കാലത്ത് എറണാകുളത്ത് താമസിച്ചു വരവെ നിര്യാതനായി.

1936 ലാണ് വളാഞ്ചേരിയിലെ ആദ്യത്തെ കോൺഗ്രസ്സ് കമ്മിറ്റി രൂപീകരിച്ചത്. വെള്ളാട്ട് ദാമോദരമേനോനായിരുന്നു പ്രസിഡൻറ്. കോൺഗ്രസ്സ് കർഷക പ്രവർത്തനങ്ങൾ സജീവമായിരുന്ന കാലമായിരുന്നു അത്. കൂടാതെ വെള്ളാട്ട് കേശവമേനോൻ പ്രസിഡൻറും എൻ. ദാമോദരൻ സെക്രട്ടറിയുമായി ഒരു സാംസ്കാരിക സമിതിയും പ്രവർത്തിച്ചിരുന്നു. ടി.പി. നാരായണൻ, ചേക്കുമാസ്റ്റർ, കുഞ്ഞിമൊയ്തു മാസ്റ്റർ, എൻ. കുട്ടിശങ്കരൻ നായർ തുടങ്ങിയവർ അന്നത്തെ പ്രധാന കോൺഗ്രസ്സ് പ്രവർത്തകരായിരുന്നു. അക്കാലത്തെ പൊന്നാനി താലൂക്ക് അധ്യാപക യൂണിറ്റിൻറെ ആസ്ഥാനവും വളാഞ്ചേരിയായിരുന്നു. എം. പി കൃഷ്ണമേനോൻ, കാഞ്ഞിരങ്ങാട്ട് ബാലകൃഷ്ണൻ നായർ, കാക്കുണ്ണി നമ്പ്യാർ, വി. വി. രാഘവവാര്യർ, ടി.പി. നാരായണൻ, ചേക്കു മാസ്റ്റർ, ഇ.പി. ഗോവിന്ദൻ നായർ എന്നിവരനുഷ്ഠിച്ച ത്യാഗങ്ങൾ നിരവധിയായിരുന്നു.

1938 ലാണ് വളാഞ്ചേരിയിൽ മുസ്ലിം ലീഗിൻറെ ആവിർഭാവമുണ്ടായത്. ഒരനാഥ ബാലനായിരുന്ന കുഞ്ഞിമൊയ്തുവിന് ലാഹോറിൽ വെച്ച് വിദ്യാഭ്യാസം ലഭിക്കാനിടയായി (ഇദ്ദേഹത്തിൻറെ പിതാവ് മലബാർ കലാപത്തിൽ പെട്ട് ജയിൽ ശിക്ഷയനുഭവിക്കുമ്പോൾ അന്തരിക്കുകയാണുണ്ടായത് ). വിദ്യാഭ്യാസാനന്തരം തിരിച്ചെത്തിയ കുഞ്ഞിമൊയ്തുവാണ് ഇവിടെ മുസ്ലിം ലീഗിൻറെ പ്രവർത്തനമാരംഭിച്ചത്. തുടർന്ന് ഈ നാട്ടുകാരനും

മതപണ്ഡിതനും ശാന്തശീലനുമായിരുന്ന പി.സി.എസ്സ്. മൗലവിയുടെ അനുഗ്രഹാശിസ്സുകളോടെ ലീഗ് പ്രവർത്തനം തുടങ്ങി. മൂച്ചിക്കലിനടുത്ത് ഒരു പുറമ്പോക്ക് സ്ഥലത്ത് സീതിസാഹിബിൻറെ ഉജ്ജ്വല പ്രഭാഷണത്തോടെ ലീഗ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ലീഗിൻറെ പിൽക്കാല ചരിത്രത്തിൽ ദീർഘകാലം അതിൻറെ നേതൃത്വം ജ: സി. എച്ച് ആലിക്കുട്ടി ഗുരുക്കൾക്കായിരുന്നു.

കാർഷികമേഖലയിൽ വളാഞ്ചേരിക്ക് എടുത്തു പറയാവുന്ന നേട്ടങ്ങൾ അവകാശപ്പെടാനില്ലെങ്കിലും വളാഞ്ചേരി മട്ട അരി പ്രസിദ്ധമായിരുന്നു.

സാഹിത്യ സാംസ്കാരിക രംഗത്ത് ഏകദേശം എഴുപതിൽപരം വർഷങ്ങൾക്കു മുമ്പ് തന്നെ വളാഞ്ചേരി പേരെടുത്തിരുന്നു. ഇതിൽ എടുത്തു പറയാവുന്ന ഒന്നാണ് 1970 കളിൽ പ്രവർത്തിച്ചിരുന്ന കലാസാഗർ തീയേറ്റേഴ്സ്. ശ്രീ. മുഴുവഞ്ചേരി ദാമോദരൻ നമ്പൂതിരിയുടെയും മറ്റും ശ്രമഫലമായി വളാഞ്ചേരിയിൽ ഒരു ഐക്യനാണയസംഘം പ്രവർത്തിച്ചിരുന്നു. യുദ്ധാനന്തരം മലബാറിൽ, ശ്രീ. കേളപ്പൻറെ പരിശ്രമഫലമായി ഫർക്കാ അടിസ്ഥാനത്തിൽ ഉൽപാദക ഉപഭോക്ത സഹകരണ സംഘം നിലവിൽ വന്നപ്പോൾ ശ്രീ. വെള്ളാട്ട് ദാമോദരമേനോൻ സെക്രട്ടറിയും ടി.കെ.സി. മൊയതീൻ കുട്ടി പ്രസിഡണ്ടുമായി വളാഞ്ചേരിയിലും ഒരെണ്ണം നിലവിൽ വന്നു. അതിൻറെ തുടർച്ചയാണ് ഇന്നത്തെ വളാഞ്ചേരി സർവീസ് സഹകരണ ബാങ്ക്.

1950 കളിൽ കമ്മ്യൂണിസം പാർലമെൻററി സമ്പ്രദായം സ്വീകരിച്ചതോടെ ഇവിടെ ഇടതുപക്ഷ രാഷ്ട്രീയപ്രവർത്തനം സജീവമായി. 1940 ൽ കൊട്ടാരത്ത് വെച്ച് ഏതാനും പേർ കൂടി ചേർന്ന് ഒരു ചർച്ചയിലൂടെയാണ് വളാഞ്ചേരിയിൽ കമ്മ്യൂണിസം ആരംഭ്ിക്കുന്നത്. ഇക്കാലത്ത് കമ്മ്യൂണിസം നിരോധിച്ച കാലമായിരുന്നു. വി. പരമേശ്വരൻ വെണ്ടല്ലൂർ മഠത്തിലെ ഗോവിന്ദൻ കുട്ടി (ഇദ്ദേഹം അദ്ധ്യാപക സമരത്തിൽ ജയിലിൽ പോയ അദ്ധ്യാപകനല്ലാത്ത ഒരു വ്യക്തിയായിരുന്നു). ദാമോദരമേനോൻ, പത്മനാഭ മേനോൻ എന്നിവർ പങ്കെടുത്തിരുന്നു. ഗോവിന്ദൻ കുട്ടി പിന്നീട് ദേശാഭിമാനി പത്രത്തിൻറെ മാനേജരായിരുന്നിട്ടുണ്ട്. 1948ൽ നടന്ന സമരത്തിൽ ശ്രീ. ഇ. രാമൻ നായർ പോലീസിൻറെ ഭീഷണിക്ക് വിധേയനായിട്ടുണ്ട്. 1950 കളിൽ ശ്രീ.പി.വി. കുഞ്ഞിക്കണ്ണൻ വളാഞ്ചേരിയിൽ താമസിച്ച് പ്രവർത്തിച്ചിരുന്നു. തുടർന്നുണ്ടായിട്ടുള്ള വളാഞ്ചേരിയിലെ എല്ലാ ഇടതുപക്ഷ കർഷക സമരങ്ങളിലും ശ്രീ. ഇ. രാമൻ നായർ, വിക്കരൻ മാസ്റ്റർ, ടി. പി. നാരായണൻ, ഇ.പി. ഗോവിന്ദൻ നായർ, ടി. ആർ. കുഞ്ഞികൃഷ്ണൻ തുടങ്ങി നിരവധി പേർ നേതൃത്വം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന രൂപീകരണ കാലത്ത് പ്രാദേശിക സർക്കാരുകളായി പ്രവർത്തിച്ചിരുന്നത് ഡിസ്ട്രിക് ബോർഡുകൾ എന്ന രീതിയിലുള്ള തദ്ദേശ സ്വായം ഭരണ സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങൾക്ക് കീഴിൽ ധാരാളം അധികാരമുള്ള അർഥത്തിലും പ്രവർത്തിയിലും ജനങ്ങളുടെ പഞ്ചായത്തായ പ്രാദേശിക പഞ്ചായത്തുകൾ 1958-1959 കാലഘട്ടങ്ങളിൽ നമ്മുടെ നാട്ടിൽ നിലവിൽ വന്നു. 1959 ലാണ് ആദ്യത്തെ കൈ പൊക്കി വോട്ടെടുക്കുന്ന സമ്പ്രദായത്തിലുള്ള പഞ്ചായത്ത് നിലവിൽ വന്നത്. ശ്രീ. വള്ളാട്ട് പത്മനാഭ മേനോനായിരുന്നു ആദ്യത്തെ പ്രസിഡൻറ്. ഇന്നത്തേതു പോലെ അന്നും പ്രസിഡൻറിൻറ് എക്സിക്യൂട്ടീവ് അധികാരമുണ്ടായിരുന്നു. 1964 ൽ നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം പരാജയപ്പെട്ടു.

1962– ൽ ഗ്രാമപഞ്ചായത്തുകൾ ശക്തമായ രീതിയിൽ നമ്മുടെ രാജ്യത്ത് നിലവിൽ വന്നു. 6 മണ്ഡലങ്ങളായി അന്നത്തെ കാട്ടിപ്പരുത്തി പഞ്ചായത്തിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ പാറമ്മേൽ ഭട്ടിമനൽ അക്കിരാമൻ നമ്പൂതിരിപ്പാട് പ്രസിഡൻറും പാലാറ കുഞ്ഞറമുട്ടി ഹാജി വൈസ് പ്രസിഡൻറും. കെ.കെ ഇസ്മായിൽ, നെല്ലേക്കാട്ട് പത്മനാഭൻ നായർ, റാബിയ, കോട്ടാട്ടുകഴിയിൽ നീലാണ്ടൻ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് പഞ്ചായത്ത് ഭരണം മുന്നോട്ട് കൊണ്ടുപോയത്. ഈ ഭരണസമിതിയുടെ അവസാന ഘട്ടത്തിൽ അക്കിരാമൻ നമ്പൂതിരിയുടെ മരണത്തെതുടർന്ന് പാലാറ കുഞ്ഞറമുട്ടി ഹാജി പ്രസിഡൻറായി ചുമതലയേറ്റു. ഈ ഭരണസമിതിക്കും വ്യക്തമായ രാഷ്ട്രീയ നിറങ്ങളുണ്ടായിരുന്നില്ല. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ചരിത്രത്തിൽ നീണ്ട 17 വർഷക്കാലം ഭരണം നടത്തിയ ഭരണ സമിതി ആയിരുന്നു ഇത്. 1979 ൽ നടന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ പാലാറ ഹംസ ഹാജി പ്രസിഡൻറും, നടക്കാവിൽ അബുഹാജി വൈസ് പ്രസിഡൻറുമായ ഭരണസമിതി നിലവിൽ വന്നു. ശ്രീ. ചെമ്പൻ, ചെകിടൻകുഴിയിൽ അലവി ഹാജി, പി.പി കുഞ്ഞിമുഹമ്മദ് ഹാജി, സി.എച് മമ്മികുട്ടി ഗുരിക്കൾ, സയ്യിദ് എം.കെ തങ്ങൾ കാർത്തല, ചുരിപ്പറമ്പിൽ തെക്കുംമ്പാട്ട് സൈതു ഹാജി, ആലസ്സൻ പാട്ടിൽ ഫാത്തിമ, കുണ്ടിൽ ഫാത്തിമ എന്നിവർ അംഗങ്ങളുമായിരുന്നു. തുടർന്ന് അധികാരത്തിലേറിയ വ്യത്യസ്ത ഭരണസമിതികളിലായി അക്കിരാമൻ നമ്പൂതിരി, പാലാറ കുഞ്ഞറമുട്ടി ഹാജി, കെ. കെ. ഇസ്മയിൽ, പാലാറ ഹംസ ഹാജി, മാരാത്ത് അബ്ദു ഹാജി, സി എച്ച് അബുയൂസഫ് ഗുരുക്കൾ, ടി പി മൊയ്തീൻ കുട്ടി, കെ ടി ആയിഷാബി, ടി.പി. അബ്ദുൾ ഗഫൂർ തുടങ്ങിയവർ ഈ പഞ്ചായത്തിൻറെ പ്രസിഡൻറുമാരായിരുന്നു.

1980 ൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ കാട്ടിപ്പരുത്തി പഞ്ചായത്ത് 1981 ൽ പേര് മാറ്റി വളാഞ്ചേരി പഞ്ചായത്തായി. പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിന് ശേഷം 1995 മുതൽ ഇലക്ഷൻ കമ്മീഷൻറെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംസ്ഥാനത്ത് നടപ്പിലായി. കേന്ദ്ര ഗവൺമെൻറിൻറെ 73–74 ഭരണഘടനാ ഭേദഗതികളോട് കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടേറെ അധികാരങ്ങൾ ലഭ്യമായ സാഹചര്യത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനമെന്ന ഗുണകരമായ മുന്നേറ്റത്തിന് സംസ്ഥാനം സാക്ഷിയായി സാംസ്കാരിക ഭൗതിക മുന്നേറ്റത്തിന് നിറം പകർന്ന 12 പഞ്ചവത്സര പദ്ധതികൾ വിലയിരുത്തുമ്പോൾ വ്യാവസായിക രംഗങ്ങളിലും സാമൂഹിക സേവന രംഗത്തും ശാസ്ത്ര സാങ്കേതിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ഒട്ടേറെ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ സാധിച്ചെങ്കിലും കൃത്യമായ പ്ലാനിംഗിൻറെ അഭാവം ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ വേഗം കുറച്ചു എന്ന കാര്യത്തിൽ തർക്കമില്ല. തത്ഫലമായി വികസനം പ്രത്യേക മേഖലകളിലും വ്യക്തികളിലും കേന്ദ്രീകരിക്കപ്പെടുകയും മഹാഭൂരിപക്ഷത്തിന് വികസനത്തിൻറെ ഗുണഭോക്താക്കളാകാൻ കഴിയാതെ വരികയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുമ്പോളാണ് നാം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേക്ക് കാലെടുത്ത് വെക്കുന്നത്.



2015 എപ്രിൽ 30–ലെ സർക്കാർ ഉത്തരവ് നമ്പർ 152/2015/തസ്വഭവ പ്രകാരം വളാഞ്ചേരി ഗ്രാമപഞ്ചായത്ത് 2015 നവംബർ 1 ന് വളാഞ്ചേരി മുനിസിപ്പാലിറ്റിയായി. 21.90 സ്ക്വയർ കിലോമീറ്റർ ചുറ്റളവുള്ള ഈ മുൻസിപ്പാലിറ്റിയിലെ മൊത്തം ജനസംഖ്യ 44437 ആണ്. ഇതിൽ സ്ത്രീകൾ 21932. പുരുഷൻമാർ 22505. പട്ടികജാതിക്കാർ 3693 പേർ . ഇന്ന്, എഞ്ചിനീയറിംഗ് കോളേജ്, സ്വാശ്രയ കോളേജ്, ആർട്സ് ആൻറ് സയൻസ് കോളേജ്, ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈസ്കൂൾ, മൂന്ന് യു.പി. സ്കൂളുകൾ, ഏഴ് എൽ. പി. സ്കൂളുകൾ, ഗവ. ആശുപത്രികൾ, ബ്ലോക്ക് ആപ്പീസ്, ദേശസാൽകൃത സ്വകാര്യ സഹകരണ ബാങ്കുകൾ, എന്നിവയുടെ പ്രവർത്തനമുള്ള വളാഞ്ചേരി നഗരസഭ സമ്പന്നമാണ്. നിരവധി സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്കാരിക സന്നദ്ധ സംഘടനകളും വളാഞ്ചേരിയുടെ പുരോഗതിയിൽ സ്തുത്യർഹമായ പങ്ക് വഹിക്കുന്നു.നഗരസഭയായതിനു ശേഷമുള്ള ആദ്യ ഭരണസമിതിയുടെ അധ്യക്ഷപദം അലങ്കരിച്ചിരുന്നത് ശ്രീമതി ഷാഹിന ടീച്ചറും തുടർന്ന് ശ്രീമതി റുഫീനയുമായിരുന്നു കഴിഞ്ഞ ഭരണസമിതിയുടെ അധ്യക്ഷൻ ശ്രീ അഷ്റഫ് അമ്പലത്തിങ്ങലായിരുന്നു.നിലവിൽ ശ്രീമതി ഹസീന വി ആണ് ചെയർപേഴ്സൻ.